ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം

138 (827) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്നും, പത്ര-ദൃശ്യമാദ്ധ്യമങ്ങളിൽ പരസ്യം നൽകി വിറ്റഴിക്കപ്പെടുന്ന എത്ര മരുന്നുകൾ പരിശോധന നടത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ആയുർവേദ മരുന്നുകളിൽ സിന്തറ്റിക് സ്റ്റിറോയ്ഡുകളും സിൽഡനാഫിൽ സിട്രേറ്റുകളും ചേർക്കുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിലുള്ള പരാതിയിൽ ഏതെങ്കിലും കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം നിർണ്ണയിക്കുന്നതിന് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി സർക്കാർ സംവിധാനത്തിലും, സ്വകാര്യ മാനുഫാക്ചറിംഗ് യൂണിറ്റുകളിലും ഏർപ്പെടുത്തിയിട്ടുണ്ട്. ലൈസൻസോടെ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനത്തിലും സ്വന്തമായി ക്വാളിറ്റി കൺട്രോൾ വിഭാഗം ഏർപ്പെടുത്തി ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. കൂടാതെ ആയുഷിന്റെ അംഗീകാരത്തോടുകൂടിയ 7 അപ്രൂവ്ഡ് ലാബുകൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. സ്ഥാപനം പരിശോധിക്കുന്ന ഡ്രഗ്സ് ഇൻസ്പെക്ടർമാർ സാമ്പിൾ ശേഖരിച്ച് ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിലേക്ക് അയച്ച് ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. പത്ര-ദൃശ്യ മാധ്യമംവഴി പരസ്യം ചെയ്ത് വിൽപ്പന നടത്തുന്ന 30-ൽപ്പരം ഉൽപ്പന്നങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കാൻ പരിശോധനകൾ നടത്തിയിട്ടുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

1. Warrier's Hospital & Panchakarma Centre, Ernakulam.
2. Pothigai Pharma (P) Ltd, Chennai
3. Eastern Herbals (P) Ltd., Malappuram (3 case)
4. Mysoor Sankar Pharmacy, Edappally, Kochi. എന്നീ കമ്പനികൾക്കെതിരെ വിവിധ കോടതികളിൽ നിയമനടപടികൾ നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly